**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4590** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ സവിശേഷ സാമൂഹിക-സാമ്പത്തിക വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനും സാമ്പത്തിക വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംസ്കാരം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ സമൂഹത്തിന് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തും വൈജ്ഞാനിക പഠന മേഖലകളിലും വിദേശ പഠനകാര്യത്തിലും ഐ.റ്റി.-നിർമ്മിതബുദ്ധി-സാങ്കേതിക മേഖലകളിലും ഏവിയേഷൻ, ഓട്ടോ മൊബൈൽ, ആരോഗ്യം എന്നീ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാരെ ശാക്തീകരിക്കുന്നതിനും, അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.**<br><br>**പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിത ലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് സഹായകമായ ചുവടെ പറയുന്ന നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുണ്ട്.**<br><br>***പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്തും സ്കിൽ ഡെവലപ്മെന്റ് മേഖലയിലും കൂടുതൽ തുക വകയിരുത്തി മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനും തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ പേർക്ക് ഉന്നത വിദ്യാഭ്യാസ** |

| | | | |
|---|---|---|---|
| | | | **രംഗത്തും വിദേശ പഠന മേഖലയിലും അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.**<br><br>***ഡിജിറ്റൽ ലൈബ്രറികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുക വഴി ഡിജിറ്റൽ പഠനം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.**<br><br>*** സാമൂഹ്യ പഠനമുറികൾ വഴി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.**<br><br>***ട്രൈബൽ പ്ലസ് മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു.**<br><br>***SAFE പദ്ധതി മുഖേന കൂടുതൽ വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചു.**<br><br>***ഓരോ പട്ടികവർഗ്ഗ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ കുടുംബത്തിനും പ്രത്യേകമായും സങ്കേതത്തിന് പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള സർവേ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.**<br><br>***പട്ടികവർഗ്ഗ സമൂഹത്തിന് അന്യമായിരുന്ന വിദേശപഠനം, വിദേശത്ത് തൊഴിൽ, വ്യോമയാന മേഖലയിലെ തൊഴിലുകൾ എന്നിവ അനുഭവവേദ്യമാക്കുക വഴി പൊതുസമൂഹവുമായുള്ള അന്തരം കുറച്ചുകൊണ്ടുവരാൻ സാധിച്ചു.**<br><br>*** വകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ പൂർണമായും DBT മുഖേന അനുവദിച്ചു വരുന്നു. എല്ലാവർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിനും ആധാർ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്ന ABCD ക്യാംപെയിനിലൂടെ വയനാട്, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ എല്ലാവർക്കും പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കി. ശേഷിക്കുന്ന ജില്ലകളിൽ ഈ പ്രവർത്തനം ത്വരിതപ്പെടുത്തി വരുന്നു.** |
| (ബി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിതലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ബി) | **കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംസ്കാരം, സാമ്പത്തികം തുടങ്ങി എല്ലാ മേഖലകളിലും പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പിന് സാധിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ നിന്നും മാറി ആധുനിക വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ സമൂഹത്തിന് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഉന്നത** |

വിദ്യാഭ്യാസരംഗത്തും വൈജ്ഞാനിക പഠന മേഖലകളിലും വിദേശ പഠനകാര്യത്തിലും ഐ.റ്റി.-നിർമ്മിതബുദ്ധി-സാങ്കേതിക മേഖലകളിലും ഏവിയേഷൻ, ഓട്ടോ മൊബൈൽ, ആരോഗ്യം എന്നീ മേഖലകളിലും കൂടുതൽ പഠനാവസരങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിലൂടെ പട്ടികവർഗ്ഗക്കാരെ ശാക്തീകരിക്കുന്നതിനും, അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

പരമ്പരാഗത സമ്പ്രദായങ്ങളെ ആധുനിക ജീവിത ലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ച് സാമൂഹ്യനീതിയും സാമ്പത്തികസമത്വവും ഉറപ്പാക്കുന്നതിന് സഹായകമായ ചുവടെ പറയുന്ന നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുണ്ട്.

*പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്തും സ്കിൽ ഡെവലപ്മെന്റ് മേഖലയിലും കൂടുതൽ തുക വകയിരുത്തി മികച്ച പ്രതിഭകളെ വാർത്തെടുക്കുന്നതിനും തൊഴിൽ സാധ്യത ഉറപ്പ വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ പേർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തും വിദേശ പഠന മേഖലയിലും അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

*ഡിജിറ്റൽ ലൈബ്രറികൾ മുതലായ സൗകര്യങ്ങൾ ഒരുക്കുക വഴി ഡിജിറ്റൽ പഠനം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

* സാമൂഹ്യ പഠനമുറികൾ വഴി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.

*ട്രൈബൽ പ്ലസ് മുഖേന തൊഴിലുറപ്പ പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു.

*SAFE പദ്ധതി മുഖേന കൂടുതൽ വീടുകൾ വാസയോഗ്യമാക്കാൻ സാധിച്ചു.

*ഓരോ പട്ടികവർഗ്ഗ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഓരോ കുടുംബത്തിനും പ്രത്യേകമായും സങ്കേതത്തിന് പൊതുവായും വികസനം ലഭ്യമാകുന്ന രീതിയിൽ സൂക്ഷ്മതല ആസൂത്രണത്തിനായുള്ള സർവേ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

*പട്ടികവർഗ്ഗ സമൂഹത്തിന് അന്യമായിരുന്ന വിദേശപഠനം, വിദേശത്ത് തൊഴിൽ, വ്യോമയാന മേഖലയിലെ തൊഴിലുകൾ എന്നിവ

| | | | |
|---|---|---|---|
| | | | അനുഭവവേദ്യമാക്കുക വഴി പൊതുസമൂഹവുമായുള്ള അന്തരം കുറച്ചുകൊണ്ടുവരാൻ സാധിച്ചു.<br><br>* വകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ പൂർണമായും DBT മുഖേന അനുവദിച്ചു വരുന്നു. എല്ലാവർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിനും ആധാർ അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്ന ABCD ക്യാംപെയിനിലൂടെ വയനാട്, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ എല്ലാവർക്കും പ്രമാണങ്ങൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കി. ശേഷിക്കുന്ന ജില്ലകളിൽ ഈ പ്രവർത്തനം ത്വരിതപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ